"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ് – നോൺ ഗ്യാലന്ററി പുരസ്കാരമായ അതി വിശിഷ്ട സേവാ മെഡൽ ജേതാക്കൾക്കുള്ള ക്യാഷ് അവാർഡ് എയർ മാർഷൽ ബാലകൃഷ്ണൻ മണികണ്ഠന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനിക ക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.12/2024/SWD തീയതി,തിരുവനന്തപുരം, 12-03-2024

---

പരാമർശം:- 1. 04.06.2011 ലെ ജി.ഒ(എം.എസ്).195/2011/GAD നമ്പർ ഉത്തരവ്

2. സൈനിക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 05.02.2024-ലെ ബി6/NGA/421779/2024/ ഡി.എസ്.ഡബ്ല്യൂ നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം 1 സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം നോൺ ഗ്യാലന്ററി പുരസ്കാര ജേതാക്കൾക്ക് സംസ്ഥാന സർക്കാരിൽ നിന്നും ക്യാഷ് അവാർഡിന് അർഹതയുള്ളതാണ്.

അതിൻപ്രകാരം, അതിവിശിഷ്ട സേവാ മെഡൽ പുരസ്കാര ജേതാവായ എയർ മാർഷൽ ബാലകൃഷ്ണൻ മണികണ്ഠന് സംസ്ഥാന സർക്കാരിൽ നിന്നും ക്യാഷ് അവാർഡ് അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നതും, പ്രസ്തുത അപേക്ഷയും അനുബന്ധ രേഖകളും സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്ത് പരാമർശം 2 പ്രകാരം സർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിരുന്നതുമാണ്.

സർക്കാർ ഈ വിഷയം പരിശോധിച്ചു. മേജർ എയർ മാർഷൽ ബാലകൃഷ്ണൻ മണികണ്ഠന് അതിവിശിഷ്ട സേവാ മെഡൽ 26.08.2017 ന് **മുൻപ് ലഭിച്ചിട്ടുള്ളതാണ്.** സൈനിക ക്ഷേമ വകുപ്പ് ഡയറക്ടറുടെ ശുപാർശയുടെയും ,റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സൂചന (1) ഉത്തരവ് പ്രകാരമുള്ള ക്യാഷ് അവാർഡിന് എയർ മാർഷൽ ബാലകൃഷ്ണൻ മണികണ്ഠൻ അർഹനാണ്. പ്രസ്തുത സാഹചര്യത്തിൽ അതിവിശിഷ്ടസേവാ മെഡൽ ജേതാവായ എയർ മാർഷൽ ബാലകൃഷ്ണൻ മണികണ്ഠൻ, പിഷാരത്ത്, തിരുവാർപ്പ് പി.ഒ, കോട്ടയം-686033- ന് സംസ്ഥാന സർക്കാരിൽ നിന്നും പരാമർശം 1 ലെ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള ക്യാഷ് അവാർഡ്

തുകയായ 25,000/- രൂപ (ഇരുപത്തിയയ്യായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

ഇതിനാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷം 2075-00-104-96 കണക്കിനത്തിൽ അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു വി ആർ
ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ്-

1. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
2. എയർ മാർഷൽ ബാലകൃഷ്ണൻ മണികണ്ഠൻ, പിഷാരത്ത്, തിരുവാർപ്പ് പി.ഒ, കോട്ടയം-686033
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം.
5. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
6. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Jenshar
Date: 12-03-2024 16:48:32
സെക്ഷൻ ഓഫീസർ